നൽകുന്നുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി1-12-2014 വരെ അപേക്ഷിച്ച എല്ലാ ബി.പി.എൽ. അപേക്ഷകർക്കും പൂർണ്ണമായി സൗജന്യമായും പ്ലിന്ത് ഏരിയ 1000 Sqft.ൽ താഴെയുള്ള എ.പി.എൽ. അപേക്ഷകർക്ക് വെതർ പ്രൂഫ് ഭാഗത്തിന്റെ മാത്രം എസ്റ്റിമേറ്റ് തുക ഈടാക്കി ഓവർഹെഡ് ലൈൻ സൗജന്യമായി നിർമ്മിച്ചുകൊണ്ടും കണക്ഷൻ നൽകിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് 30-9-2015 വരെ തുടർന്നും കണക്ഷൻ നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

കൂടാതെ, ഈ 4 ജില്ലകളിൽ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി കഴിയുമ്പോഴും മറ്റ് 10 ജില്ലകളിൽ കേന്ദ്രസർക്കാർ പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ ദീന ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.)-ൽപ്പെടുത്തിയും ബി.പി.എൽ. അപേക്ഷർക്ക് സൗജന്യമായി ഓവർഹെഡ് ലൈനും വെതർ പ്രൂഫും നിർമ്മിച്ച് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## സൗജന്യ നിരക്കിൽ വൈദ്യുതി

**19 (364)** ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി സൗജന്യമായും സൗജന്യനിരക്കിലും ലഭിച്ചുകൊണ്ടിരിക്കുന്നത് ഏതെല്ലാം വിഭാഗത്തിൽ ഉൾപ്പെട്ട ഉപഭോക്താക്കൾക്ക് ആണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത ഉപഭോക്താക്കളിൽ അനർഹർ കടന്നു കൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ആയത് കണ്ടെത്തുന്നതിനും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിമാസ ശരാശരി വൈദ്യുതി ഉപഭോഗം 20 യൂണിറ്റും കണക്കുഡ് ലോഡ് 500 വാട്ട്സ് വരെയുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായാണ് വൈദ്യുതി നൽകുന്നത്.

കൂടാതെ, പ്രതിമാസം 40 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്ക് ഒരു യൂണിറ്റിന് 1.15 രൂപ നിരക്കിലാണ് (യൂണിറ്റ് 35 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി കൂടി കണക്കിലെടുത്ത്) വൈദ്യുതി നൽകിവരുന്നത്.

ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള പ്രതിമാസം 120 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ആദ്യത്തെ 40 യൂണിറ്റ് വരെ (പ്രതിമാസം) ഓരോ യൂണിറ്റിനും 35 പൈസ നിരക്കിലും 41 മുതൽ 120 യൂണിറ്റ് വരെയുള്ള ഉപഭോഗത്തിന് (പ്രതിമാസം) യൂണിറ്റൊന്നിന് 50 പൈസ നിരക്കിലും സബ്സിഡി നൽകിവരുന്നുണ്ട്. ഇതുകൂടാതെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക വിഭാഗം ഉപഭോക്താക്കൾക്ക് പ്രതിമാസം 10 രൂപാ നിരക്കിലുള്ള ഫിക്സഡ് ചാർജ്ജ് അടയ്ക്കുന്നതിൽനിന്ന് സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്.

കാർഷികാവശ്യത്തിനുള്ള വൈദ്യുതിക്ക് ഒരു യൂണിറ്റിന് 85 പൈസ നിരക്കിൽ സബ്സിഡി നൽകി 1.15 രൂപ നിരക്കിലാണ് വൈദ്യുതി വിതരണം നടത്തുന്നത്.

(ബി) സൗജന്യമായും സൗജന്യ നിരക്കിലും വൈദ്യുതി ലഭിക്കുന്നതിന് അർഹരായവരെ താഴെപ്പറയുന്ന മാനദണ്ഡങ്ങളനുസരിച്ചാണ് തെരഞ്ഞെടുക്കുന്നത്:

1. സൗജന്യ വൈദ്യുതി (ഗാർഹിക ഉപഭോക്താക്കൾക്കുമാത്രം)
   (a) പ്രതിമാസ ശരാശരി ഉപഭോഗം 20 യൂണിറ്റ് വരെ
   (b) കണക്കുഡ് ലോഡ് 500 വാട്ട്സ് വരെ.
2. സൗജന്യ നിരക്കിലുള്ള വൈദ്യുതി (1.15 രൂപ നിരക്കിൽ)
   (a) പ്രതിമാസ ശരാശരി ഉപയോഗം 40 യൂണിറ്റ് വരെയും
   (b) കൂടാതെ, കണക്കുഡ് ലോഡ് 1000 വാട്ട്സ് വരെയും
   (c) കൂടാതെ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കൾക്കുമാത്രം

3. സബ്സിഡി നിരക്കിലുള്ള വൈദ്യുതി ദ്വൈമാസ മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ നിഷ്കർഷിച്ചിട്ടുള്ള ഉപഭോഗ പരിധിക്കകത്തുള്ള ഉപഭോക്താക്കൾക്ക്

(സി) സൗജന്യ വൈദ്യുതിയും സൗജന്യ നിരക്കിലുള്ള വൈദ്യുതിയും അനർഹമായി ഉപയോഗിച്ചുവരുന്ന ഉപഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് ഫീൽഡ് ഓഫീസുകൾക്കും വിജിലൻസ് വിഭാഗത്തിനും നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം സെക്ഷൻ/ ഡിവിഷൻ/സർക്കിൾതല സ്ക്വാഡുകൾ രൂപീകരിച്ച് വിവിധ സെക്ഷനുകളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ, വിജിലൻസ് വിഭാഗത്തിനുകീഴിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി അനർഹരെ കണ്ടെത്തുന്നുണ്ട്. ഇപ്രകാരം കണ്ടെത്തുന്ന അനർഹരായിട്ടുള്ള ഉപഭോക്താക്കളെ ഗൃണഭോക്തൃ ലിസ്റ്റിൽനിന്ന് ഒഴിവാക്കുകയും നിയമാനുസൃതമായ പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്.

## സോളാർ കണക്ട് പദ്ധതി

**20 (365)** ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ : വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ചെലവുകുറഞ്ഞ വൈദ്യുതി ഉൽപ്പാദന മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) വീടുകളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) സോളാർ കണക്ട് എന്ന പദ്ധതിക്ക് മൊത്തം ചെലവെത്രയാണ് ; ഇതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സബ്സിഡി എത്രയാണ്;

(ഡി) വീടുകളിൽ ഉൽപ്പാദിപ്പിച്ച് മിച്ചംവരുന്ന വൈദ്യുതി, വൈദ്യുതി ബോർഡ് വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly